Page 1 of 2

(ബി) തത്കാലം ഉദ്ദേശിക്കുന്നില്ല. നീതി ആയോഗിന്റെ ഘടന സംബന്ധിച്ച് വ്യക്തമായ വിവരം കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി) ഇപ്രകാരം വ്യവസ്ഥ വച്ചതായി അറിവില്ല.

(ഡി) പരിശോധിക്കുന്നതാണ്.

## പതിനാലാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനം

55 (1453) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാലാം ധനകാര്യ കമ്മീഷന് സംസ്ഥാനം നൽകിയിരുന്ന നിവേദനത്തിൽ ഉന്നയിച്ച എന്തെല്ലാം ആവശ്യങ്ങൾ കമ്മീഷൻ അംഗീകരിക്കുകയുണ്ടായി; വിശദമാക്കാമോ;

(ബി) എന്തെങ്കിലും ആവശ്യം പൂർണ്ണമായും അവഗണിക്കപ്പെടുകയുണ്ടായോ ; എങ്കിൽ ഏതൊക്കെയെന്ന് വിശദമാക്കാമോ ;

(സി) പതിനാലാം ധനകാര്യ കമ്മീഷൻ സ്വീകരിച്ച നിലപാട് സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. ഇത് 42 ശതമാനമായി ഉയർത്തുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ 2.5 ശതമാനം തുക (സർവ്വീസ് ടാക്സ് ഒഴികെ) കേരളത്തിന് ശിപാർശ ചെയ്തിട്ടുണ്ട്.

2. സംസ്ഥാനങ്ങൾക്കിടയിൽ 'കതി വിഭജിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യക്ക് (1971 അടിസ്ഥാനമാക്കിയുള്ള) മുൻതൂക്കം നൽകണമെന്നും ജനസംഖ്യയോടൊപ്പം വനപ്രദേശം കൂടി കണക്കിലെടുക്കണമെന്നും കേരളം ആവശ്യപ്പെട്ടിരുന്നു. എന്നാൽ 1971-ലെ ജനസംഖ്യക്ക് 17.5 ശതമാനം വെയിറ്റേജ് മാത്രമാണ് നൽകിയിട്ടുള്ളത്. വനവിസ്തൃതി ഒരു മാനദണ്ഡമായി പരിഗണിക്കുകയും അതിന് 7.5 ശതമാനം വെയിറ്റേജും നൽകിയിട്ടുണ്ട്. ധന അച്ചടക്കം മാനദണ്ഡമാക്കരുതെന്ന കേരളത്തിന്റെ ആവശ്യം അംഗീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. പതിനാലാം ധനകാര്യ കമ്മീഷൻ കാലയളവായ 2015-2020-ൽ pre Devolution Revenue Deficit ആയി 2,63,353 കോടി രൂപ സംസ്ഥാനം കണക്കാക്കിയിരുന്നു. എന്നാൽ റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റായി 2015-2018 കാലയളവിൽ 9519 കോടി രൂപ മാത്രമാണ് ശിപാർശ ചെയ്തിട്ടുള്ളത്.

4. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2015-20 കാലയളവിൽ 7681.95 കോടി രൂപയുടെ ഗ്രാന്റ് ശിപാർശ ചെയ്തിട്ടുണ്ട്.

5. ദുരന്ത നിവാരണ ഫണ്ടിലെ കേന്ദ്ര വിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്ന സംസ്ഥാന ആവശ്യം ധനകാര്യ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടെങ്കിലും ഈ ശിപാർശ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. ദുരന്ത നിവാരണത്തിനായി 2015-2020 കാലയളവിൽ 764.25 കോടി രൂപയുടെ ഗ്രാന്റ് ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന സംസ്ഥാന ആവശ്യങ്ങൾ 14-ാം ധനകാര്യ കമ്മീഷൻ പരിഗണിച്ചില്ല.

1. കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ ഇളവുകൾക്കായി മാറ്റിവയ്ക്കുന്ന തുകയുടെ (Reveneu foregone) തോത് മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽനിന്നും 3 ശതമാനമായി കുറയ്ക്കണം.

2. മുൻകാല കേന്ദ്രവായ്പകളും അതിൻമേലുള്ള പലിശയും എഴുതിത്തള്ളണം.

3. യഥാർത്ഥ വരുമാന കമ്മി (Effective Revenue Deficit) (മൂലധന ആസ്തികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) ഒരു fiscal indicator ആയി പരിഗണിക്കപ്പെടണം.

4. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 1.5 ശതമാനമായി നിജപ്പെടുത്തിക്കൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുനഃക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം നടത്തേണ്ടതുമാണ്.

5. സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യവും അംഗീകരിച്ചിട്ടില്ല.

(സി) സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലെ 32 ശതമാനത്തിൽ നിന്നും 42 ശതമാനമായി ഉയർത്തിയതുമൂലം സംസ്ഥാനത്തിന്റെ കേന്ദ്ര നികുതി വിഹിതത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര പദ്ധതി സഹായത്തിൽ (കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ) ആനുപാതികമായ കുറവ് വരുത്തിയിട്ടുണ്ട്. അതുമൂലം കേന്ദ്ര നികുതി വിഹിതത്തിലെ വർദ്ധനവ് മൂലം ലഭിച്ച അധിക തുക കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾക്കായി വിനിയോഗിക്കേണ്ടി വരും. ഇതുമൂലം പുതിയ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിന് സംസ്ഥാനത്തിന് അധിക വിഭവം കണ്ടെത്തേണ്ടതായി വരും.

LIBRARY ARCHIVES Kerala Legislative Assembly